(സി) ഒരു ഔട്ട്പോസ്റ്റായി ആരംഭിച്ച അതേ കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന ഏതെങ്കിലും പോലീസ് സ്റ്റേഷനുകൾ കേരളത്തിലുള്ളതായി അറിവുണ്ടോ;

(ഡി) താലൂക്കിലെ പഞ്ചായത്തുകളിൽ പണിതിരിക്കുന്ന സ്റ്റേഷനുകളുടെ സൗകര്യങ്ങളെങ്കിലും ലഭ്യമാകത്തക്ക രീതിയിൽ ഇവിടെ പോലീസ് സ്റ്റേഷൻ നിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) പുതിയ കെട്ടിടം നിർമ്മിക്കുന്നതു വരെ മഴക്കാലത്ത് സ്റ്റേഷനിലുണ്ടാകുന്ന ചോർച്ച തടയുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2.12.1948-ൽ ആണ് റാന്നി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത്.

(ബി) സ്റ്റേഷൻ കെട്ടിടത്തിന് ആകെ 1500 സ്കയർ ഫീറ്റ് വിസ്തീർണ്ണമുണ്ട്.

(സി) ഉണ്ട്. ഇപ്രകാരം 20 പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) റാന്നി പോലീസ് സ്റ്റേഷന് 6,40,000/- രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) ഇതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ചെങ്ങന്നൂരിലെ പോലീസ് ക്വാർട്ടേഴ്സ്

41 (752) ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ പോലീസ് ക്വാർട്ടേഴ്സ് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ചോർന്ന് ഒലിച്ച് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്വാർട്ടേഴ്സ് പോലീസുകാർക്ക് ഉപയോഗപ്രദമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ പൊളിച്ചുമാറ്റി കൂടുതൽ പോലീസുകാർക്ക് താമസസൗകര്യം ലഭിക്കത്തക്ക വിധം പുതിയ കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള ക്വാർട്ടേഴ്സിൽ എത്ര പേർക്ക് താമസിക്കുന്നതിന് സൗകര്യം ഉണ്ടെന്നും ഇപ്പോൾ എത്ര പോലീസുകാർ അവിടെ താമസിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെങ്ങന്നൂരിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സുകളിൽ ഇപ്പോൾ ആരും താമസിക്കുന്നില്ല.

നീതിന്യായ വകുപ്പിലെ മുൻസിഫ് മജിസ്ട്രേറ്റ്/തസ്തികകൾ

42 (753) ശ്രീ. ടി.കെ. നൗഷാദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിന്യായവകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ പ്രസ്തുത സംവരണം പാലിച്ചിട്ടുണ്ടോ എന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള റാങ്ക്ലിസ്റ്റിൽ ജുഡീഷ്യറിയിലെ സ്റ്റാഫിനെ കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പുന:പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഏതെല്ലാം വിഭാഗക്കാർക്കാണ് സംവരണാനുകൂല്യം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് സംബന്ധിച്ച് കോടതികളിൽ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(സി) സംവരണ കാറ്റഗറിയിൽ നിശ്ചിത യോഗ്യതയുള്ള മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അഭാവമുള്ളതിനാൽ അവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല.

(ഡി) ഗവൺമെന്റ് ലാ കോളേജിലെ ഒരു ഫുൾ ടൈം ലക്ച്ചറർക്ക് ഇപ്രകാരമുള്ള സംവരണാനുകൂല്യം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ്

43 (754) ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ് പ്രായം എത്രയാണ്?

ഉത്തരം

കേരളത്തിലെ സബോർഡിനേറ്റ് ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ് പ്രായം 60 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 58 വയസ്സിനു മേൽ തുടരാൻ അനുവദിക്കുന്നത് ഹൈക്കോടതി നടത്തുന്ന അവലോകനത്തിനു വിധേയമാണ്.

LIBRARY ARCHIVES Kerala Legislative Assembly